**കേരള സർക്കാർ**

**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

**<u>ഉപസമിതികളുടെ രൂപീകരണം</u>**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7. 27-06-2011- ൽ മറുപടിക്ക്.

ചോദ്യം ; ശ്രീ.കെ.സുരേഷ്കുറുപ്പ് . ഉത്തരം; ശ്രീ.ഉമ്മൻചാണ്ടി (ബഹു മുഖ്യമന്ത്രി).

| | | | |
|---|---|---|---|
| (എ)<br><br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കാര്യങ്ങൾക്കായി മന്ത്രിമാർ അംഗങ്ങളായിട്ടുള്ള ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?<br><br>ഓരോ ഉപസമിതിയും പരിഗണിക്കുന്ന വിഷയങ്ങൾ വിശദമാക്കുമോ ? | (എ)<br>&<br>(ബി) | മന്ത്രിമാർ അംഗങ്ങളായുള്ള ഉപസമിതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു<br><br>1) വിഷയം ; സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ മാറ്റി പണികൾ പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ടനടപടികൾ സംബന്ധിച്ച്.<br><br>2) വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പിൽ ഏകോപനം ആവശ്യമായി വരുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്.<br><br>3) വിഷയം ; സംസ്ഥാനത്ത് Right to Education Act (വിദ്യാഭ്യാസ അവകാശ നിയമം) നടപ്പിലാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.<br><br>4) വിഷയം ; കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് .<br><br>5) വിഷയം ; ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം 2011 തയ്യാറാക്കുന്നത് സംബന്ധിച്ച്.<br><br>6) വിഷയം ; ദേശീയ പാത -47 – അരൂർ – ഇടപ്പള്ളി റോഡിലെ ടോൾ പിരിവ് സംബന്ധിച്ച്. |
| (സി) | ഉപസമിതികൾ ഓരോന്നും ഇതിനകം എത്ര തവണ യോഗം ചേരുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ? | (സി) | ഇത് സംബന്ധിച്ച കണക്ക് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.